ബൈബിൾ ചിത്രകഥ

# ദാവീദിന്റെ പുത്രൻ



MAR LOUIS PUBLICATIONS

# ദാവീദിന്റെ പുത്രൻ

ഇസ്രയേലിനെ ഭരിച്ച ഏറ്റവും മഹാനായ രാജാവായിരുന്നു ദാവീദ്. അദ്ദേഹത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ട ഒരാൾ സാമ്രാജ്യം പുനസ്ഥാപിക്കുമെന്ന് ഇസ്രയേൽക്കാർ വിശ്വ സിച്ചിരുന്നു. വരാനിരിക്കുന്ന ഈ രാജാവ് 'ക്രിസ്തു' എന്ന പേരിലാണ് അറിയപ്പെട്ടിരുന്ന ത്. യേശുവിനെ ക്രിസ്തുവായി ഏറ്റുപറഞ്ഞ ശിഷ്യന്മാർ പോലും ഇപ്രകാരമുള്ള കാഴ്ച പ്പാടു വച്ചുപുലർത്തിയിരുന്നു. എന്നാൽ ജനത്തിന്റെ പ്രതീക്ഷയ്ക്കു നിരക്കുന്നതാ

യിരുന്നില്ല യേശുവിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ. കഫർനാമിൽവച്ചു ജനം തന്നെ രാജാവാക്കാൻ ശ്രമിച്ചപ്പോൾ യേശു ഒഴിഞ്ഞുമാറി. ശിഷ്യന്മാർ തന്നെ ക്രിസ്തു വായി ഏറ്റു പറഞ്ഞപ്പോൾ ഇക്കാര്യം വെളിപ്പെടുത്തരുതെന്ന് അവരെ താക്കീത് ചെയ്തു. ലൗകികമായ രാജത്വവും പ്രൗഢിയും പൈശാചിക പ്രലോഭനമായി ക്കണ്ട് അവൻ തിരസ്കരിച്ചു.

എന്നാൽ പരസ്യ ജീവിതത്തിന്റെ അവ സാനം യേശു തന്നെ ജെറുസലേമിലേക്ക് ഒരു

രാജകീയ പ്രവേശനത്തിനു മുൻകൈയെടുത്തു. ദാവീദിന്റെ പുത്രനു ഹോസാനാ എന്നു ജനം ആർത്തു വിളിച്ചപ്പോൾ അവരെ മുടക്കിയതുമില്ല. പക്ഷേ ഒരു രാജാവിന്റെ നഗരപ്രവേശനത്തിന്റെ ഗാംഭീര്യം ഇതിനുണ്ടായിരുന്നില്ല. സമാധാനത്തിന്റെ പ്രതീകമായ കഴുതയുടെ പുറത്താണ് അവൻ യാത്ര ചെയ്തത്. ഇത് സക്കറിയായുടെ പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു (സക്ക. 9, 9). അകമ്പടി സേവിച്ചതു പട്ടാളക്കാരും സേനാധിപന്മാരുമല്ല, വെറും സാധാരണ ജനം; അതും ഗലീലയിൽ നിന്നു വന്ന കുറച്ചു പാവപ്പെട്ട

വർ. തന്റെ രാജത്വം ഈ ലോകത്തിനടുത്ത തല്ല എന്നു വ്യക്തമാക്കുന്നതാണ് ഈ പട്ടണ പ്രവേശം. ആസന്നമായിരിക്കുന്ന മരണവും ഉത്ഥാനവും വഴിയുള്ള തന്റെ മഹത്വീകരണ ത്തിന്റെ മുന്നോടിയും പ്രതീകവുമായിരുന്നു അത്. തന്റെ ശവസംസ്കാരത്തിന് ഒരുക്കമായ അഭിഷേകം സ്വീകരിച്ചുകൊണ്ടാണ് യേശു ദാവീദിന്റെ പുത്രനായി നഗരത്തിൽ പ്രവേശിച്ചത്.

ലൗകികമായ സാമ്രാജ്യം സ്ഥാപിക്കുകയല്ല, മനുഷ്യന് നിത്യജീവൻ പ്രദാനം ചെയ്യുകയാണ്

തന്റെ ദൗത്യം എന്ന് വ്യക്തമാക്കുന്നതാണ് യേശുവിന്റെ പ്രവർത്തനങ്ങളെല്ലാം. സക്കേവൂസിന്റെ മാനസാന്തരം നിത്യജീവന്റെ മുന്നാസ്വാദനം നൽകുന്നു. ലാസറിന്റെ പുനരുദ്ധാനമാകട്ടെ യേശുവിന്റെ തന്നെ പുനരുദ്ധാനത്തിന്റെ സൂചനയും മുന്നോടിയുമാണ്. ദേവാലയശുദ്ധീകരണം യേശുവിന്റെ അധികാരം വ്യക്തമാക്കുന്നതോടൊപ്പം തന്റെ ശരീരമാണ് യഥാർത്ഥദേവാലയം എന്നു പഠിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. ദൈവം മനുഷ്യരോടൊത്തു വസിക്കാനായി സ്വീകരിച്ച ആലയമാണ് യേശുവിന്റെ ശരീരം.

ജെറുസലെം ദേവാലയത്തെ കൊള്ളക്കാരുടെ താവളമാക്കിയവർ യേശുവിന്റെ ശരീരമാകുന്ന ദേവാലയത്തെ നശിപ്പിക്കും. എന്നാൽ ദേവാലയം ശുദ്ധീകരിച്ചവൻ തന്റെ ശരീരത്തെ മരണത്തിൽ നിന്ന് ഉയർപ്പിക്കും.

യഹൂദമതത്തിന്റെ സിരാകേന്ദ്രമായിരുന്നു ജെറുസലെം. അവിടെ സുവിശേഷം പ്രസംഗിക്കാനാണ് യേശു ആധികാരികമായി പ്രവേശിച്ചത്. എന്നാൽ യഹൂദ നേതാക്കന്മാർ സുവിശേഷം സ്വീകരിക്കുന്നതിനു പകരം യേശുവിനെ വധിക്കാനുള്ള തീരുമാനത്തിൽ

കൂടുതൽ ഉറച്ചു നിന്നതേയുള്ളൂ. അതിനാൽ ജെറുസലേമിലെ സുവിശേഷപ്രഘോഷണം അധികപങ്കും വാദപ്രതിവാദങ്ങളായിത്തീർന്നു. മുന്തിരിത്തോട്ടത്തിന്റെ ഉപമയിലൂടെ യഹൂദ നേതൃത്വത്തിന്റെ കുറവും അതിനു ലഭിക്കാനിരിക്കുന്ന ശിക്ഷയും യേശു വ്യക്തമാക്കി. പ്രവാചകന്മാരെ തിരസ്കരിച്ചവരുടെ മക്കൾ ദൈവപുത്രനെ വധിച്ച് രക്ഷാചരിത്രത്തിൽനിന്നു പുറന്തള്ളപ്പെടും.

യേശുവിനെ ദാവീദിന്റെ പുത്രനും രാജാവുമായി ഏറ്റുപറയുമ്പോൾ അവന്റെ രാജത്വം

ലൗകികമല്ല എന്നു നാം ഓർക്കണം. ലൗകികമായ പ്രൗഢിയും ആർഭാടങ്ങളും യേശുവിന്റെ ചൈതന്യത്തിനു നിരക്കുന്നതല്ല. സത്യത്തിലും നീതിയിലും സ്നേഹത്തിലും സാഹോദര്യത്തിലും അടിയുറച്ചതാണ് യേശുവിന്റെ രാജത്വം. ഈ മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുകയും അവയെ ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതിലൂടെയാണ് നാം യേശുവിനെ രാജാവായി അംഗീകരിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ടത്.

# ബൈബിൾ ചിത്രകഥ-42

# യേശുക്രിസ്തു -12

# ദാവീദിന്റെ പുത്രൻ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി


യേശു ജെറീക്കോ പട്ടണത്തിൽ പ്രവേശിച്ചു. അപ്പോൾ
ഗുരോ, ഞാൻ ബഥാനിയായിൽ നിന്നു വരികയാണ്. അങ്ങു സ്നേഹിക്കുന്ന ലാസർ രോഗിയായി കിടക്കുന്നു എന്നു പറയാൻ മർത്തായും മേരിയും എന്നെ അയച്ചതാണ്.
ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല. ദൈവത്തിന്റെ മഹത്വത്തിനും അതുവഴി മനുഷ്യപുത്രൻ മഹത്വം പ്രാപിക്കാനും വേണ്ടിയുള്ളതാണ്.


ജെറീക്കോയിൽ ചുങ്കക്കാരുടെ തലവനായ സക്കേവൂസ് എന്ന ഒരു ധനികനുണ്ടായിരുന്നു.
എന്താണ് ഈ ആരവം?
!
നസ്രത്തിലെ യേശു വരുന്നതാണ്. നൂറു കണക്കിനാളുകൾ ചുറ്റിലുമുണ്ട്.


യേശുവിനെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു. പക്ഷേ എനിക്കു പൊക്കമില്ലാത്തതിനാൽ ആൾക്കൂട്ടത്തിനു നടുവിൽ നിൽക്കുന്ന യേശുവിനെ കാണാനാവില്ലല്ലോ!


ആൾക്കാരുടെയിടയിൽ ചെന്നാൽ
അവർ എന്നെ ചീത്ത വിളിക്കും.
ഒരുപക്ഷേ തല്ലും കിട്ടും!


എന്നെ ആരും കാണാതെ എനിക്ക്
യേശുവിനെ കാണണം!

അയാൾ വേഗം ചെന്ന് ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. യേശു ആ മരത്തിനു ചുവട്ടിലെത്തിയപ്പോൾ.




ജനദ്രോഹിയായ ഈ പാപിയുടെ വീട്ടിലാണോ ഇയാൾ താമസിക്കാൻ പോകുന്നത്?
ഗലീലി വിട്ടപ്പോഴെങ്കിലും മാന്യമായി പെരുമാറുമെന്ന് ഞാൻ കരുതി.


സക്കേവൂസ് സന്തോഷത്തോടെ യേശുവിനെ വീട്ടിൽ സ്വീകരിച്ചു.
ഗുരോ, ഇന്നു ഞാൻ ഭാഗ്യവാനാണ്. അങ്ങയുടെ സന്ദർശനത്താൽ ഞാനും കുടുംബവും ധന്യരായി.
!


സക്കേവൂസ് യേശുവിന് ഒരു വിരുന്നൊരുക്കി.
കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ദരിദ്രർക്കു കൊടുക്കുന്നു. ഞാൻ ആരെയെങ്കിലും വഞ്ചിച്ചിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു.
ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്.


നഷ്ടപ്പെട്ടതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.




യേശു തന്റെ ശിഷ്യന്മാരോട്.
നമ്മുടെ സ്നേഹിതൻ ലാസർ ഉറങ്ങുകയാണ്. ഞാൻ അവനെ ഉണർത്താൻ പോകുന്നു.
കർത്താവേ അവൻ ഉറങ്ങുന്നെങ്കിൽ സുഖം ലഭിക്കും.


ലാസർ മരിച്ചുപോയി. നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെയില്ലായിരുന്നതിനാൽ, നിങ്ങളെ പ്രതി ഞാൻ സന്തോഷിക്കുന്നു.
ഗുരോ, ജെറുസലെമിലെ അധികാരികൾ അങ്ങയെ വധിക്കാൻ കാത്തിരിക്കുകയല്ലേ?
ഗുരുവിനോടൊപ്പം മരിക്കാൻ നമുക്കും പോകാം.


അവർ ബഥാനിയായിൽ എത്തിയപ്പോൾ മർത്താ ഓടി വന്ന് യേശുവിനെ സ്വീകരിച്ചു.
!!!!
!
കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. എന്നാലും അങ്ങു ചോദിക്കുന്നതെന്തും ദൈവം തരും.
നിന്റെ സഹോദരൻ ഉയർത്തെഴുന്നേൽക്കും.


അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയർത്തെഴുന്നേൽക്കും എന്ന് എനിക്കറിയാം.
?!!!
പുനരുത്ഥാനവും ജീവനും ഞാനാണ്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
അങ്ങ് ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തുവാണെന്നു ഞാൻ വിശ്വസിക്കുന്നു.


അപ്പോൾ മേരിയും അവിടെയെത്തി.
കർത്താവേ, അങ്ങേയ്ക്ക് വേണ്ടി കണ്ണീരോടെ ഞങ്ങൾ കാത്തിരുന്നു.
നിങ്ങൾ അവനെ എവിടെയാണ് അടക്കിയിരിക്കുന്നത്?


നോക്കൂ! അവൻ എത്രമാത്രം ലാസറിനെ സ്നേഹിച്ചിരുന്നു!
കുരുടന്റെ കണ്ണുതുറന്നവന് ഇവനെ മരണത്തിൽ നിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?


അവർ ശവകുടീരത്തിൽ എത്തി.
ആ കല്ലെടുത്തു മാറ്റുവിൻ.
കർത്താവേ, ഇപ്പോൾ ദുർഗന്ധമുണ്ടായിരിക്കും. ഇതു നാലാം ദിവസമാണ്.
വിശ്വസിച്ചാൽ നീ ദൈവ മഹത്വം ദർശിക്കും എന്നു ഞാൻ പറഞ്ഞില്ലേ!


അവർ കല്ലെടുത്തു മാറ്റി.
പിതാവേ, എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ അങ്ങേയ്ക്കു നന്ദിപറയുന്നു. ഈ ജനം വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്.


ലാസറേ,
പുറത്തുവരൂ!


അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.
!!!!
കർത്താവിനു സ്തോത്രം. ഹല്ലേലുയ്യാ....


ഇതു കണ്ട രണ്ടു ഫരിസേയർ.
ഇതിനെക്കുറിച്ചു താങ്കളെ ന്തു പറയുന്നു?
ലാസർ യഥാർത്ഥത്തിൽ മരിച്ചായിരുന്നു എന്നതിന് എന്താ തെളിവ്?
?


മരിക്കാതെ കല്ലറയിൽ വച്ചെന്നോ? എന്നാലും നാലുദിവസംകൊണ്ടു മരിച്ചു കാണും.
തീർച്ച പറയാൻ പ്രയാസം. ഏതായാലും പ്രധാന പുരോഹിതനെ വിവരമറിയിക്കണം.

പിന്നീടു ലാസറിന്റെ വീട്ടിൽ വലിയൊരു വിരുന്നൊരുക്കി. വിരുന്നിനു മധ്യേ മേരി വിലകൂടിയ ഒരു കുപ്പി നാർദീൻ തൈലം യേശുവിന്റെ ശിരസ്സിൽ ഒഴിച്ചു.




പാവങ്ങൾ എപ്പോഴും നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. എന്നാൽ ഞാൻ ഉണ്ടായിരിക്കുകയില്ല.
!!!?


എന്റെ സംസ്കാരത്തിനു വേണ്ടി ഇവൾ എന്റെ ശരീരം മുൻകൂട്ടി തൈലം പൂശുകയായിരുന്നു.

ഒരു ഫരിസേയ നേതാവായ നിക്കോദേമുസ്  രഹസ്യമായി യേശുവിനെ കാണാൻ  വന്നു.




ദൈവം തന്നോടുകൂടിയില്ലെങ്കിൽ ആർക്കും നീ ചെയ്യുന്ന അടയാളങ്ങൾ ചെയ്യാൻ കഴിയുകയില്ല.  ഏതായാലും ഈ ദിവസങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം.
വീണ്ടും ജനിക്കുന്നില്ലെങ്കിൽ ആർക്കും ദൈവരാജ്യം കാണാൻ കഴിയുകയില്ല.


പ്രായമായ ഒരു മനുഷ്യൻ എങ്ങനെ മാതാവിന്റെ ഉദരത്തിൽ പ്രവേശിച്ച് വീണ്ടും ജനിക്കും?
ശരീരത്തിൽ നിന്നു ജനിക്കുന്നത് ശരീരം. ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവ്.
!


ആത്മാവിനാൽ വീണ്ടും ജനിക്കാത്തവന് ദൈവരാജ്യത്തിന്റെ വഴികൾ അറിയാൻ സാധിക്കുകയില്ല.


സർപ്പദംശനമേറ്റവർക്കു
ജീവൻ കിട്ടാൻ വേണ്ടി മോശ
സർപ്പത്തെ ഉയർത്തിയില്ലേ?
അതുപോലെ തന്നിൽ
വിശ്വസിക്കുന്നവനു നിത്യജീ
വനുണ്ടാകേണ്ടതിന്
മനുഷ്യപുത്രനും ഉയർത്തപ്പെ
ടേണ്ടിയിരിക്കുന്നു.


തന്റെ ഏകജാതനെ നൽകാൻ
മാത്രം ദൈവം ലോകത്തെ
സ്നേഹിച്ചു. ലോകമാകട്ടെ
പ്രകാശത്തെക്കാൾ
അന്ധകാരത്തെ സ്നേഹിച്ചു.
!


അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ യൂദാസ്.
ഗുരോ, അങ്ങയെക്കാണാൻ ഒരാൾ കാത്തുനിൽക്കുന്നു.
ഞാൻ പുറത്തേക്കു വരാം.


ഗുരോ, ഇതു ബറാബാസ്. തീവ്രവാദി സംഘടനയുടെ നേതാവാണ്.
ഞാൻ കേട്ടിട്ടുണ്ട്.
നമ്മുടെ ജനതയുടെ മോചനമാണ് ഞങ്ങളുടെ ലക്ഷ്യം. നിന്റെ ലക്ഷ്യവും മറ്റൊന്നുമല്ലല്ലോ!


ആയിരത്തിലേറെ പടയാളികൾ ഞങ്ങളുടെ കീഴിലുണ്ട്. പതിനായിരക്കണക്കിന് അനുഭാവികളും.


നീ ഞങ്ങളുടെ നേതൃത്വമേറ്റെടുക്കണം. നമുക്കൊരുമിച്ച് ഈ പെസഹക്കാലത്ത് റോമാക്കാരെ പാലസ്തീനായിൽനിന്നു തുരത്തണം.
ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ.
?


വിജാതീയരായ റോമാക്കാരെ സ്നേഹിക്കാനോ? നമ്മുടെ ജനത്തെ അടിച്ചമർത്തുന്ന, കുരിശിൽ തറയ്ക്കുന്ന റോമാക്കാരെ?
തിന്മയെ നന്മ കൊണ്ടു നേരിടുക.
?!


റോമാക്കാർക്ക് വാളിന്റെ ഭാഷയേ മനസ്സിലാകൂ.


പുതിയ ജറുസലേം വാൾത്തലയാലല്ല പണിയപ്പെടുക. പുള്ളിപ്പുലിയും കുഞ്ഞാടും ഒന്നിച്ചു മേയുന്ന സമാധാനത്തിന്റെ നഗരമായിരിക്കും അത്.
ഒരിക്കലും പൂർത്തിയാവാത്ത ആ സ്വപ്നവും ആയവിറക്കി കഴിയുമ്പോൾ നമ്മുടെ ജനം നിഷ്ക്കരുണം ചവിട്ടിമെതിക്കപ്പെടുകയാണ്.
!



പാപത്തിന്റെ അടിമത്തത്തിൽ നിന്നു ലോകത്തെ മോചിപ്പിക്കാൻ വന്നവനാണ് ഞാൻ. എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ കുരിശെടുക്കാൻ തയ്യാറാകണം.
ഇത് ഭീരുക്കളുടെ ഭാഷയാണ്. പീലാത്തോസ് അനുദിനമെന്നോണം നൂറുകണക്കിന് യഹൂദരെ ക്രൂശിക്കുന്നു. അതിനറുതി വരുത്തിയേ മതിയാകൂ.
അക്രമം അക്രമത്തെ വിളിച്ചുവരുത്തും. കൊല്ലുകയല്ല മരണത്തെയും കീഴടക്കുകയാണു വേണ്ടത്.


നമ്മുടെ വഴി ഇവിടെ പിരിയുകയാണ്. ജനത്തിന്റെ മോചനത്തിനുവേണ്ടി എന്റെ ജീവൻ ത്യജിക്കാനും ഞാൻ ഒരുങ്ങി കഴിഞ്ഞു.
അത് മറ്റുള്ളവരുടെ രക്തം ചിന്തിക്കൊണ്ടായിരിക്കരുത്.

അടുത്തദിവസം യേശു ശിഷ്യന്മാരോട് കൂടെ ജെറുസലെമിലേക്ക് പുറപ്പെട്ടു.
അവർ ഒലിവുമലയ്ക്കടുത്തുള്ള ബേഥഫഗേയിൽ എത്തിയപ്പോൾ.




അവർ കഴുതക്കുട്ടിയെ കൊ
ണ്ടുവന്നു. അതിന്റെമേൽ ത
ങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു.




ഗലീലിയിൽനിന്നു വന്ന തീർത്ഥാടകർ.
ഹോസാനാ, ദാവീദിന്റെ പുത്രന് ഹോസാനാ.
കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ.
സ്വർഗ്ഗത്തിൽ സമാധാനം അത്യുന്നതങ്ങളിൽ മഹത്വം. ഹോസാനാ.


അപ്പോൾ ചില ഫരിസേയർ.
ഗുരോ, ഇവരോടു നിശബ്ദരായിരിക്കാൻ പറയൂ!
ഇതു വലിയൊരു പ്രകോപനമായി റോമാക്കാർ കരുതും. അപകടകരമാണിത്.


ഇവർ നിശബ്ദരായാൽ ഈ കല്ലുകൾ ആർത്തു വിളിക്കും.


അവർ ഒലിവുമലയിലെത്തി.
ജെറുസലെം, ജറുസലെം; പ്രവാചകന്മാരെ കൊല്ലുന്നവളേ, സമാധാനത്തിന്റെ മാർഗ്ഗങ്ങൾ ഇപ്പോഴെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ!


എന്നാൽ അവ നിന്നിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. ശത്രുക്കൾ നിന്നെ വളഞ്ഞു ഞെരുക്കുന്ന ദിവസങ്ങൾ വരുന്നു.


നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിക്കുകയില്ല. കാരണം നിന്റെ സന്ദർശനത്തിന്റെ ദിനം നീ അറിഞ്ഞില്ല.


അവർ ജെറുസലെം
പട്ടണത്തിൽ പ്രവേശിച്ചു.
ഹോസാനാ.
ആരാണിത്?
ഗലീലിയിൽ
നിന്നുള്ള
പ്രവാചകൻ യേശു.


പട്ടണപ്രവേശം നിക്കോ
ദേമോസും കണ്ടു.
സക്കറിയായുടെ പ്രവചനം
പൂർത്തിയാവുകയാണോ?


തീവ്രവാദികളും അവിടെയുണ്ടായിരുന്നു.
ഇയാൾ നമ്മെ വീണ്ടും വിഡ്ഢികളാക്കുകയാണോ?
ഇന്നലെ നേതൃത്വം വേണ്ടെന്നു പറഞ്ഞു. ഇന്നിപ്പോൾ രാജകീയ പ്രവേശം.
ഇതുതന്നെ അവസരം.

യേശു ദേവാലയാങ്കണത്തിൽ പ്രവേശിച്ചു. വിജാതീയർക്കായി നീക്കിവച്ചിരുന്ന അങ്കണത്തിൽ ബലിയർപ്പണത്തിനുള്ള ആടുമാടുകളെയും പക്ഷികളെയും വിൽക്കുന്നവരും, നാണയ മാറ്റക്കാരും ഉണ്ടായിരുന്നു.




യേശു നാണയമാറ്റക്കാരുടെ മേശകൾ തട്ടിമറിച്ചു.കയറു കൊണ്ടൊരു ചാട്ടയുണ്ടാക്കി കച്ചവടക്കാരെ പുറത്താക്കി.
ഇത് പ്രാർത്ഥനാലയമാണ്. നിങ്ങൾ ഇതിനെ കൊള്ളക്കാരുടെ താവളമാക്കിയിരിക്കുന്നു.
?!!!


റബ്ബീ യേശു, താങ്കളുടെ പഠനവും പ്രവർത്തനങ്ങളും ഞങ്ങൾ നിരീക്ഷിക്കുകയായിരുന്നു. ഇന്നത്തെ ഈ കടന്നാക്രമണത്തിന്റെ ഉദ്ദേശ്യം എന്താണ്?
എന്താ, ദേവാലയവും ബലിയർപ്പണവും വേണ്ടെന്നാണോ?
ദൈവത്തിന്റെ ഭവനം എല്ലാ ജനതകൾക്കും പ്രാർത്ഥിക്കാനുള്ള സ്ഥലമാണ്. അതിനെ കച്ചവടസ്ഥലമാക്കരുത്.


ഈ പഠനവും പ്രവർത്തനവും ദൈവത്തിൽ നിന്നാണ് എന്നതിന് എന്ത് തെളിവാണു നീ നൽകുക?
നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുവിൻ. ഞാൻ മൂന്നു ദിവസം കൊണ്ട് അതു പുനരുദ്ധരിക്കും.
???




തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് യേശു പറഞ്ഞത്.


റബ്ബീ യേശു, എത്ര ധിക്കാരത്തോടെയാണ് നീ ഇതെല്ലാം ചെയ്യുന്നത്?
ആരാണ് നിനക്ക് ഇതിനെല്ലാം അധികാരം തന്നത്?
യോഹന്നാന്റെ മാമോദീസാ എവിടെനിന്നായിരുന്നു? ദൈവത്തിൽനിന്നോ മനുഷ്യരിൽ നിന്നോ?


അവർ തമ്മിൽ ആലോചിച്ചു.
ദൈവത്തിൽ നിന്നാണെന്നു പറഞ്ഞാൽ എന്തേ നമ്മൾ അവനെ സ്വീകരിച്ചില്ല എന്നു ചോദിക്കും.
മനുഷ്യരിൽ നിന്നാണെന്നു പറഞ്ഞാൽ ജനം നമ്മെ കല്ലെറിയും. അവർ അവനെ പ്രവാചകനായിട്ടാണു കരുതിയിരിക്കുന്നത്.
!!


ഞങ്ങൾക്കതു പറയാനാവില്ല.
എന്നാൽ നിങ്ങളുടെ ചോദ്യത്തിന് ഞാനും ഉത്തരം പറയുന്നില്ല.
!!!

ദേവാലയത്തിനുള്ളിൽ റബ്ബിമാർ യേശുവുമായി തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ ദേവാലയാങ്കണത്തിനു പുറത്ത്.




അടുത്ത നിമിഷം.
?!!


ഇതൊരു പാഠമായിരിക്കട്ടെ.


അതേസമയം യേശു ദേവാലയത്തിൽ പഠിപ്പിക്കാൻ തുടങ്ങി.
ഒരാൾ ഒരു മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചു. അതിനുചുറ്റും വേലികെട്ടി. ചക്കു കുഴിച്ചിട്ടു. കാവൽ മാടവും സ്ഥാപിച്ചു.


ഇതാ ഈ തോട്ടം ഞാൻ നിങ്ങളെ ഏൽപ്പിക്കുന്നു. തോട്ടം സംരക്ഷിക്കണം. വർഷംതോറും പാട്ടം തരണം.
അങ്ങു പറയുന്ന തെല്ലാം അതുപോലെ ഞങ്ങൾ ചെയ്തു കൊള്ളാം.


സമയമായപ്പോൾ
പാട്ടം വാങ്ങാൻ
അയാൾ തന്റെ
ഭൃത്യനെ അയച്ചു.


പാട്ടം വേണമല്ലേ? അതു നടപ്പില്ല എന്ന് നിന്റെ യജമാനനോട് ചെന്നു പറഞ്ഞേക്കൂ!


അയാൾ വീണ്ടും ഒരു ദൂതനെ അയച്ചു. അവനെ അവർ മുറിവേൽപ്പിച്ചു. വീണ്ടും കൂടുതൽ ഭൃത്യന്മാരെ അയച്ചു. അവരെ കൃഷിക്കാർ കൊന്നുകളഞ്ഞു.




ഞാൻ ഇതുവരെ അയച്ച ഭൃത്യന്മാരെയെല്ലാം പാട്ടക്കാർ അവഹേളിക്കുകയും കൊല്ലുകയും ചെയ്തു. ഇനി നീ തന്നെ പോകണം. എന്റെ ഏക മകനെ അവർ മാനിക്കാതിരിക്കുകയില്ല.
ഞാൻ പോകാം.


അതാ മുതലാളിയുടെ ഏക മകൻ വരുന്നു.
അവനാണ് അവകാശി. അവനെ കൊന്നാൽ തോട്ടം നമ്മുടേതാകും.




അവർ അവനെ കൊന്നു തോട്ടത്തിനു പുറത്തേക്കു വലിച്ചെറിഞ്ഞു. ഇനി തോട്ടത്തിന്റെ ഉടമസ്ഥൻ എന്ത് ചെയ്യും?
അവൻ വന്ന് ആ ദുഷ്ടന്മാരെ നശിപ്പിക്കും. തോട്ടം വിശ്വസ്തരായ കൃഷിക്കാരെ ഏൽപ്പിക്കും.


പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് ഭവനത്തിന്റെ മൂലക്കല്ലായിത്തീർന്നു എന്ന വിശുദ്ധലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ?


ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നൽകപ്പെടും.


പുരോഹിതന്മാരും ഫരിസേയരും തമ്മിൽ ആലോചിച്ചു.
ഇവൻ നമ്മെക്കുറിച്ചാണ് പറഞ്ഞത്.
കയ്യോടെ പിടിച്ച് ഇവന്റെ കഥ കഴിക്കണം.
ഇവന്റെമേൽ കൈ വച്ചാൽ ഈ ജനം നമ്മെ കല്ലെറിയും.


മരണശിക്ഷക്കർഹ
മായ എന്തെങ്കിലും
ഇവനെ കൊണ്ടു
പറയിപ്പിക്കണം.
രാജ്യദ്രോഹമാകട്ടെ,
അപ്പോൾ റോമാക്കാർ
കാര്യം ഏറ്റെടുത്തു
കൊള്ളും.
എനിക്കൊരാശയം
തോന്നുന്നു.
ഫലിക്കാതിരിക്കില്ല


അവർ യേശുവിനെ സമീപിച്ചു.
ഗുരോ, നീ സത്യവാനാണെന്നും മുഖം നോക്കാതെ ദൈവത്തിന്റെ വഴി പഠിപ്പിക്കുന്നെന്നും ഞങ്ങൾക്കറിയാം.
നിനക്കെന്തു തോന്നുന്നു, സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമാണോ അല്ലയോ?
നികുതിക്കുള്ള ഒരു നാണയം കാണിക്കൂ.


അവർ ഒരു ദെനാറ അവനു കൊടുത്തു.
ഈ രൂപവും ലിഖിതവും ആരുടേതാണ്?
സീസറിന്റേത്.
സീസറിന്റേതു സീസറിനു കൊടുക്കുവിൻ. ദൈവത്തിന്റേതു ദൈവത്തിനും.

വാക്കു മുട്ടിയ ഫരിസേയർ ലജ്ജിതരായി അവനെ വിട്ടുപോയപ്പോൾ, പുനരുത്ഥാനമില്ലെന്നു പറയുന്ന സദുക്കായർ യേശുവിനെ സമീപിച്ചു.




അയാളുടെ സഹോദരൻ അവളെ വിവാഹം ചെയ്തെങ്കിലും അയാളും സന്താനമില്ലാതെ മരിച്ചു. അങ്ങനെ ഏഴു സഹോദരന്മാർ.
അവസാനം വിധവയും മരിച്ചു. പുനരുത്ഥാനത്തിൽ അവൻ ആരുടെ ഭാര്യയായിരിക്കും?
!


വിശുദ്ധ ലിഖിതമോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു.



പുനരുത്ഥാനം കഴിഞ്ഞു വിവാഹമില്ല. എല്ലാവരും ദൈവ ദൂതന്മാരെ പ്പോലെ ആയിരിക്കും!
?!
എല്ലാ വ്യത്യാസങ്ങളും മരണം വരെയേ ഉള്ളല്ലോ.
എത്ര മനോഹരം.
!!!


"ഞാൻ അബ്രാഹത്തി
ന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും
ദൈവമാണ്"
എന്നു നിങ്ങൾ
വായിച്ചിട്ടില്ലേ?


!!
ദൈവം മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്.
എത്ര  എളുപ്പത്തിൽ ഗുരു ഈ പണ്ഡിതന്മാരെ വാക്കുമുട്ടിക്കുന്നു!


യേശുവിനെ വാക്കിൽ കുടുക്കാൻ അവർക്കു കഴിഞ്ഞില്ല.
ക്രിസ്തുവിനെപ്പറ്റി നിങ്ങൾ എന്തു വിചാരിക്കുന്നു. അവൻ ആരുടെ പുത്രനാണ്?
ദാവീദിന്റെ പുത്രൻ.
അവൻ ബത് ലഹെമിൽ ജനിക്കുമെന്നു പ്രവാചകൻ വഴി കർത്താവ് അരുളി ചെയ്തിട്ടുണ്ട്.


അങ്ങനെയെങ്കിൽ ദാവീദ് അവനെ "കർത്താവ്" എന്ന് വിളിക്കുന്ന തെങ്ങനെ? "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്ന സങ്കീർത്തനം നിങ്ങൾക്കറിയാമല്ലോ.




ശാരീരികമായി ദാവീദിന്റെ പുത്രനായി ജനിക്കുന്ന ക്രിസ്തു യഥാർത്ഥത്തിൽ ദൈവപുത്രനാണ് എന്നു വിശ്വസിക്കാൻ അവർ തയ്യാറായില്ല. യേശു ജനങ്ങളോട്.
നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതിനാൽ അവർ പറയുന്നതെല്ലാം നിങ്ങൾ അനുസരിക്കുവിൻ.
!!


എന്നാൽ അവരുടെ പ്രവർത്തികൾ നിങ്ങൾ അനുകരിക്കരുത്. കാരണം അവർ കല്പ്പിക്കുകയല്ലാതെ കല്പന അനുസരിക്കുന്നില്ല.


അവർ ഭാരമേറിയ ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ പോലും അനക്കുന്നില്ല.


മറ്റുള്ളവരുടെ ആദരവും പ്രശംസയും ലഭിക്കുന്നതിനു വേണ്ടി യാണ് അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്.


നെറ്റിപ്പട്ടയ്ക്കു വീതിയും ഉടുപ്പിന്റെ തൊങ്ങലുകൾക്ക് നീളവും കൂട്ടുന്ന അവർ എല്ലാവരാലും റബ്ബി എന്നും പിതാവേ എന്നും വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നു.
എന്നാൽ നിങ്ങൾ അങ്ങനെ ആയിരിക്കരുത്. നിങ്ങളെല്ലാവരും സഹോദരങ്ങളാണ്. ഒരേ പിതാവിന്റെ മക്കൾ.


പരിശുദ്ധ സാൻഹെദ്രിന്റെ അംഗീകാരമുള്ളവർ മാത്രമാണ് ഇവിടെ പഠിപ്പിക്കുന്നത്.
ശാരീരിക ജീവൻ നൽകുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ് നിയമം പഠിപ്പിക്കുന്നത് എന്ന് നിനക്കറിയില്ലായിരിക്കും.


കപടഭക്തരായ ഫരിസേയരേ, നിയമജ്ഞരേ, നിങ്ങൾക്കു ദുരിതം!


വധിക്കപ്പെട്ട പ്രവാചകന്മാർക്ക് ശവകുടീരങ്ങളും രക്തസാക്ഷി മണ്ഡപങ്ങളും നിങ്ങൾ നിർമ്മിക്കുന്നു.
അത് അവരെ ബഹുമാനിക്കാനാണ്.
പിതാക്കന്മാരുടെ തെറ്റിനു പരിഹാരം ചെയ്യാൻ.


നിങ്ങളുടെ പിതാക്കന്മാരുടെ ചെയ്തികൾ പൂർത്തിയാക്കുവാൻ.  നിങ്ങളുടെ അടുക്കലേക്ക് ഞാൻ പ്രവാചകൻമാരെയും അപ്പസ്തോലന്മാരെയും അയയ്ക്കുന്നു.


അവരിൽ ചിലരെ നിങ്ങൾ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യും. കൊല്ലപ്പെട്ട സകല പ്രവാചകന്മാരുടെയും രക്തത്തിന് നിങ്ങൾ ഉത്തരം പറയേണ്ടിവരും.

ജനക്കൂട്ടം യേശുവിന് ഒരു
സംരക്ഷണവലയം പോലെ നിന്നതിനാൽ
നേതാക്കൾക്ക് അവനെതിരേ ഒന്നും ചെയ്യാൻ
സാധിച്ചില്ല. ലോകത്തിലേക്കു വന്ന
പ്രകാശത്തിനെതിരേ അന്ധകാരശക്തികൾ
അണിനിരക്കുന്നു. ഒരു ഭാഗത്ത് വഞ്ചനയും
കാപട്യവും, മറുവശത്ത് സ്നേഹത്താൽ
പ്രചോദിതമായ സമ്പൂർണ്ണ സമർപ്പണം.

അടുത്ത ചിത്രകഥ.

# ജീവന്റ അപ്പം

# ചോദ്യങ്ങൾ

1. ലാസർ രോഗിയാണെന്ന് അറിഞ്ഞപ്പോൾ യേശു എന്തു പറഞ്ഞു?
2. സക്കേവൂസിന്റെ ഭവനത്തിന് എപ്പോഴാണ് രക്ഷ ലഭിച്ചത്?
3. യേശു ആരാണെന്നാണ് മാർത്ത ഏറ്റു പറഞ്ഞത്?
4. ബഥാനിയായിലെ തൈലാഭിഷേകത്തിന് എന്തു വ്യാഖ്യാനമാണ് യേശു നൽകിയത്?
5. വീണ്ടും ജനിക്കുക എന്നാൽ എന്ത്?
6. "മനുഷ്യ പുത്രൻ ഉയർത്തപ്പെട്ടിരിക്കുന്നു". എന്താണ് ഈ ഉയർത്തപ്പെടൽ?
7. കഴുതപ്പുറത്തെഴുന്നള്ളുന്ന രാജാവിനെ കുറിച്ചു പ്രവചിച്ചത് ആര്?
8. ജെറുസലെമിന്റെ നാശത്തിനു കാരണമെന്ത്?
9. മുന്തിരിത്തോട്ടത്തിന്റെ ഉപമയിലൂടെ എന്താണ് യേശു പഠിപ്പിക്കുന്നത്?
10. ദാവീദിന്റെ പുത്രനെക്കുറിച്ച് യഹൂദരുടെ പ്രതീക്ഷ എന്തായിരുന്നു?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും